പ്രസ്സ് റിലീസ്

# റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ

**www.rbi.org.in**
**email : helpdoc@rbi.org.in**

**വാർത്താവിനിമയ വിഭാഗം**
സെൻട്രൽ ഓഫീസ്, എസ്. ബി. എസ്. മാർഗ്, മുംബൈ - 400001
ഫോൺ : 91 22 2266 0502 ഫാക്സ് : 91 22 22660358

സെപ്തംബർ 10, 2015

## ശ്രീ ഛത്രപതി അർബൻ കോപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്, പിമ്പിൾ നിലാഖ്, പൂനാ ജില്ല, മഹാരാഷ്ട്രയ്ക്കു വേണ്ടി റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ പുറപ്പെടുവിച്ചിരുന്ന നിയന്ത്രണോപാധികൾ (Directives) വീണ്ടും നീട്ടുന്നു.

2014 സെപ്തംബർ 10-ാം തീയതിയിലെ റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ ഡയറക്ടീവ് UBD.CO.BSD-1 No./D-09/12.22.460/2014-15 അനുസരിച്ച് ശ്രീ ഛത്രപതി അർബൻ കോപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്, പിമ്പിൾ നിലാഖ്, പൂനാ ജില്ല, മഹാരാഷ്ട്രയെ 2014 സെപ്തംബർ 12 ബിസിനസ് ദിനാന്ത്യം മുതൽ ആറുമാസക്കാലത്തേയ്ക്ക് നിയന്ത്രണോപാധികൾക്ക് (Directives) വിധേയമാക്കിയിരുന്നു. ഈ നിർദ്ദേശത്തിന്റെ നിയമസാധുത 2015 മാർച്ച് 4-ാം തീയതിയിലെ ഉത്തരവ് അനുസരിച്ച് 2015 മാർച്ച് 11-ാം തീയതി ബിസിനസ്സ് ദിനാന്ത്യം മുതൽ ആറുമാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ചിരുന്നു. 2014 സെപ്തംബർ 10 നും, 2015 മാർച്ച് 4 നും പുറപ്പെടുവിച്ച ഉത്തരവുകളുടെ പ്രായോഗികത 2015 സെപ്തംബർ 1-ന് പുറപ്പെടുവിച്ച ഭേദഗതിവരുത്തിയ ഉത്തരവിൻ പ്രകാരം, 2015 സെപ്തംബർ 10-ാം തീയതി ബിസിനസ്സ് ദിനാന്ത്യത്തിൽ പ്രാബല്യം വരത്തക്കവണ്ണം, മൂന്നുമാസത്തേയ്ക്ക് കൂടി നീട്ടിയിരിക്കുന്നു. ഇതു പുനഃപരിശോധനയ്ക്ക് വിധേയമായിരിക്കും. മറ്റു നിബന്ധനകൾക്കും വ്യവസ്ഥകൾക്കും മാറ്റമില്ല. മുകളിൽ പറഞ്ഞിട്ടുള്ള 2015 സെപ്തംബർ 1-ലെ ഭേദഗതി രേഖപ്പെടുത്തിയ ഒരു വിജ്ഞാപനം പൊതുജനങ്ങളുടെ അറിവിലേയ്ക്കായി ബാങ്ക് മന്ദിരത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്.

റിസർവ് ബാങ്കിന്റെ മുകളിൽ കാണിച്ച ഭേദഗതിയെ, കോപ്പറേറ്റീവ് ബാങ്കിന്റെ ധനസ്ഥിതിയിൽ കാര്യമായ മെച്ചം വന്നിട്ടുണ്ട് എന്ന് റിസർവ് ബാങ്കിന് ബോദ്ധ്യം വന്നുവെന്ന് ധ്വനിപ്പിക്കുന്നതായി ഒരുതരത്തിലും വ്യഖ്യാനിക്കപ്പെടാൻ പാടില്ല.

**പ്രസ്സ് റിലീസ് 2015-2016/641** **അജിത് പ്രസാദ്**
അസിസ്റ്റന്റ് ജനറൽ മാനേജർ